# TECHEXTRA

## The complete digital magazine 2019

*Techextra* - യുടെ

വേരുകൾക്ക്

ആകാശത്തേക്കുയരുന്ന

ശിഖരങ്ങൾക്ക്

ഉറവപൊട്ടി ഒഴുകിയെത്തി

കാൽപ്പാദങ്ങളെ നനച്ച

നന്മയുടെ തെളിനീരിന്

ക്രൂടെനടന്നവർക്ക്

പറഞ്ഞും എഴുതിയും

വാക്കിന്റെ പിന്തുണ

നൽകിയവർക്ക്

വാക്ക്പാലിച്ചവർക്ക്

ഈ വിദ്യാലയത്തെ

ഹൃദയത്തോട്

ചേർത്തുപിടിക്കുന്നവർക്ക്

ഈ അക്ഷരാലയം

നിറശോഭയോടെ എന്നും

നിലനിൽക്കട്ടെ എന്ന

പ്രാർത്ഥനയോടെ...

# EDITORIAL BOARD

*Jismary Jilson*
*Anusree Manuel*
*Alphonsa Shaji*
*Muhammed Sinan K*

In a situation of utter confusion what is the way out ? To find out the way these needs a lot of hard work, these shall be many who have to help for the same.

Wishing you all the best to find out the way to get adequate knowledge for your life time

SchoolManager

Rev. Fr. Benny muthirakkalayil

# സന്ദേശം

നടവയൽ സെന്റ് തോമസ് ഹയർ സെക്കൻണ്ടരി സ്കൂളിന്റെ ലിറ്റിൽ കൈറ്റ്സ് മാഗസിൻ പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. പുതിയ പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തി കുരുന്നുകൾക്ക് നവദിശാബോധം നൽകുന്നതിൽ ഏറെ ശ്രദ്ധിക്കുന്ന സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വിജയം നേരുന്നു . സ്മരണികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും അർപ്പിക്കുന്നു.

സ്കൂൾ ഹെഡ്മാസ്റ്റർ

ശ്രീ. ടോംസ് ജോൺ

# സന്ദേശം

ഞങ്ങളുടെ സ്കൂളിനൊരു ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തിലൂന്നിയുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനഫലമാണെല്ലോ **“TECHEXTRA”**. ഐ.റ്റിയുടെ വിവിധ സങ്കേതങ്ങൾ പരിചയപ്പെടാനും പഠിക്കാനും ലഭിച്ച ഈ അവസരം , ലിറ്റിൽ കൈറ്റ്സിലെ മുഴുവൻ അംഗങ്ങളും നന്നായി പ്രയോചനപ്പെടുത്തി എന്നത് അഭിനന്ദാർഹമാണ്. ആഗസ്റ്റ് മാസത്തിൽ തുടങ്ങിയ മാഗസിൻ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച എഡിറ്റോറിയൽ ബോർഡിനും പൂർണമായും സഹകരിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ആശംസകൾ നേരുന്നു.

കൈറ്റ്സ് മിസ്ട്രസസ്സ്

അന്നക്കുട്ടി പി.പി.

സ്മിത പി പോൾ

# സന്ദേശം

കുട്ടി പട്ടങ്ങളെ,

നിങ്ങളുടെ അറിവാണ്

നിങ്ങളുടെ അധ്വാനമാണ്

നിങ്ങളുടെ

സമർപ്പണമാണ്

“TECHEXTRA ”

അറിവാകാനും,അറിവേകാനും

നിങ്ങളുടെ ഈ പ്രയത്നം ഉപകരിക്കട്ടെ

ആശംസകളോടെ

ജെസ്സ ജോസ് കെ

(SITC)

# Contents

Santhom days............................9


Little Kites Photography...............18

State IT Fair Winners..................21

Sub District Kalolsavam................24

Tribal Fest............................25

Thanks.................................42



# *Santhom DAYS…*









# A B C D OF HAPPINESS

ARRANGE YOUR LIFESTYLE

BELIEVE YOURSELF

CREATE A GOOD LIFE

DUSK FOR PLEASURE

EXERCISE FREQUENTLY

FORGIVE MISTAKES

GLORIFY YOUR GOD

HUMOR YOURSELF AND OTHERS

IMAGINE GREAT THINGS

JOYFULLY LIVE EACH DAY

KINDLY HELP OTHERS

LOVE ONE ANOTHER

MEDITATE DAILY

NURTURE OF ENVIRONMENT

ORGANIZE FOR HARMONY ACTION

PRAISE PERFORMANCE WELL DON

QUESTION FOR THINKING

REGULATE YOUR BE HAVIOUR

SMILE OFTEN

THINK RATIONALLY

UNDERSTAND YOURSELF

VALUE OF LIFE

WORK FOR GOOD OPINION

X-RAY AND EXAMINE

YEARN TO REMOVE

ZEST FULFILL FOR YOUR HAPPINESS

-A **CUTE** PRESCRIPTIONS FOR **HAPPINESS**

- ANUSREE MANUEL
IX A

# Quotes

Focus on something you do well

Have a big dream

Focus on your potentials than what yours intention

Look at yourself as being successful

Break away from the high expectation of the other people

Build on a network of supporting relationships.

Nandana E.T
8 A

## LIFE IS AN ECHO

*What you send out – comes back*
*What you sow – you reap*
*What you give – you get*
*What you see in others – exists in you*

## I AM

*I am is the shortest complete sentence in the English Language……*

*Jessin Joseph*
*8A*

# A FEMINIST



Spreading its mighty hands,
Stands a dark lady at the end of every day.
Slowly it stops a the light,
Starting a starlit night.
Strong moon starts a flight,
Stopping the strong grab of the night,
Seducing the moon with a lovely mist,
Softens him before sun’s visit.
Sweet is the baby born
Sprouts the lilly and glows the night
Scents the breeze to a dark ecstasy
Sober is night when she looks back.
Sun’s first blink Stuns her
shadows herself with the cover of fog;
Sinks it down, a tear drop on bed of grass
Sparkles in the memories of last night.
She gives up her gorgeous mask of cold and
splendid beauty of darkness.
Shining sun drove her into shades
Sung she,”transparent I am, you may shine through”
So did Well and moon played
Suffered she when he burned through
Suddenly did she realise
She is always aside
Sun did well and moon played
Safe in making her a living hell
sure she did, same as all women
Stood and fight for her own caste
Strange her fight, for all others
Say didn’t knew if she could
Stand the prominence of sun in the minds.
Seems a light in the heart of darkness

- Alphonsa Shaji
9A

# കളിപ്പാവകൾ

മഷി കുപ്പിയിലെ മഷി തീരാനായി. അവൾക്ക് വളരെ പരിഭ്രമം തോന്നി പെട്ടെന്നൊന്നും ഈ കവിത എഴുതി തീരുല.മദറമ്മ അവളോട് എന്തോ എഴുതുന്നത് എന്ന് തിരക്കി .അവൾ സിസ്റ്ററുടെ മുഖത്തേക്ക് നോക്കിയില്ല. എഴുതികൊണ്ട് തന്നെ മറുപടി പറഞ്ഞു.അത് ടീച്ചർ സ്കൂളിൽ നിന്നും കൊടുത്തു വിട്ട ഹോംവർക്കായിരുന്നു.സിസ്റ്റർ അധിക നേരം അവിടെ നിന്നില്ല.ഇനിയും എത്രയോ കുട്ടികളെ ചെന്ന് നോക്കണം, കാര്യങ്ങൾ അന്വേഷിക്കണെ ം.ഇവരെല്ലാം സഹോദരങ്ങളല്ല സുഹൃത്തുകളാണ്.എന്നാൽ രക്തബന്ധത്തെ-ക്കാൾ ആഴമേറിയതാണ് ഈ സുഹൃത്ത് ബന്ധം.ഇവർക്ക് ഒറ്റ ഒരു വീട് ,അനാഥാലയം.ഒറ്റ മേൽ വിലാസം അനാഥർ.പക്ഷെ ഇവർക്ക് അതിൽ ഒന്നും ഒരു പ്രയാസവുമില്ല കാരണം ഇവർക്ക് ഒറ്റ ഒരു വികാരം മാത്രമേയുള്ളു,അത് സന്തോഷമാണ്.

'മീനു കവിതയെഴുതി കഴിഞ്ഞോ'

അവൾ കവിതയെഴുത്ത് നിർത്തി എവിടെയോ കേട്ടിട്ടുള്ള പരുക്കൻ ശബ്ദം .അവൾ തിരിഞ്ഞ് നോക്കി അതെ     തന്റെ ഊഹം ശരിയാണ്.അത് തോംസൺ അങ്കിൾ തന്നെ .ഞങ്ങളുടെ എല്ലാവരുടെയും  അച്ഛൻ വല്ലപ്പോഴുമേ വരുകയുള്ളു കാരണം അയാൾക്ക് ജോലി അങ്ങ് ദൂരയാണ്.പക്ഷെ,വരുമ്പോൾ  എന്തൊക്കെയോ കൊണ്ടുവരും .കഴിഞ്ഞ തവണ വന്നപ്പോൾ അവൾക്ക് കൊടുത്തത് ഒരു സെറ്റ് കുപ്പിവളകയായിരുന്നു.അത് ഇപ്പോഴും പൊട്ടിയിട്ടില്ല,അത് അവളുടെ കൈയ്യിൽ ഇട്ടിരിക്കുകയാണ്.ഇന്ന്  തോംസൺ അങ്കിൾ എന്താണ് കൊണ്ടുവന്നത് എന്നറിയാൻ അവൾക്ക് തിടുക്കമായി.അത് മൂന്ന് കളിപ്പാവകൾ ആയിരുന്നു.അത് മൂന്നും ഒന്നിച്ച് കെട്ടിവച്ചിരിക്കുന്നു.കാരണം അതൊരു അമ്മയും അച്ഛനും ബാലികയുമായിരുന്ന ു.അവൾ അത് സൂക്ഷിച്ചുനോക്കി .അവൾക്ക് അത് ഇഷ്ടമായില്ല.അത് കിടക്കയുടെ അരികിൽ ഒതുക്കിവച്ചു.എന്നിട്ട് അവിടെ കിടന്നുറങ്ങി.അത്താഴം കഴിക്കാൻ അവൾ മറന്നിരുന്നു.രാത്രി നന്നായി ഉറങ്ങിയെങ്കിലും ഒരു സ്വപ്നം കാണാനിടയായി  .അവൾ ഞെട്ടിയുണർന്നു.തന്റെ അച്ഛനും അമ്മയും തന്നെ അന്വേഷിച്ചു വരുമോ എന്നവൾക്ക് വേവലാതിയായി.തന്നെ ഈ സ്വരഗത്തിൽ നിന്ന് പിടിച്ച് കൊണ്ടുപോകുമോ എന്നോർത്ത് അവൾ തന്റെ കൈ നെഞ്ചിൽ വച്ചു. അവളുടെ കണ്ണിൽ നിന്ന് ശക്തിയോടെ തിളച്ച് മറിയുന്ന ലാവ പോലെ ഒരുറ്റ കണ്ണുനീർ വീണു.അവൾക്കു പേടിയായി.പുതപ്പിൽ അവൾ ചുരുണ്ട് മൂടി കിടന്നു.തന്റെ നേർക്കു വരുന്ന ചുവടുകൾ അവൾ കണ്ടു.ആ നടത്തിന്റെ ശക്തി അവിടമെല്ലാം കുലുങ്ങി.അവളുടെ അസ്വസ്ഥമായ മനസ്സിൽ അവൾ തന്നെ അത് കണ്ടെത്തി.അതെ അവയാണ് തന്റെ നേർക്കു വരുന്നത് ..........ആ കളിപ്പാവകൾ..........

-അനശ്രീ മാനുവൽ

9 A


# വിസ്മരിക്കാനാനാവാത്തത്

കാലചക്രം മുന്നോട്ടുനീങ്ങുന്നു.എന്തേ ഇതിനിത്ര വേഗത്തിൽ?ദീർഘനേരം ചിന്തിച്ചിട്ടും
അതിനുകാരണം എന്തെന്നുമാത്രം അവൾക്കു മനസ്സിലായില്ല .ആ ചിന്തകൾക്കിടയിലും കണ്ണീർ
അവളുടെ മിഴികളിൽ നിന്ന് ധാരധാരയായി ഇറ്റുവീഴുന്നുണ്ടായിരുന്നു.
ശ്രീയണിഞ്ഞ്,അലങ്കാരവിഭൂഷിതയായി സ്ഥിതിചെയ്യുന്ന ശ്രീലങ്ക. ആ നാട്ടിലെ
സ്രവാധിപത്യങ്ങളും സ്വന്തമായുള്ള സൈറീൻ കുടുംബം.ആ വീട്ടിൽ ഒരു രാജ്ഞിയെപ്പോലെ
അവൾ ജീവിച്ചു.കുട്ടികൾക്ക് വാരിയെറിയാൻ മാത്രം പണമുണ്ടായിരുന്ന ആ കുടുംബം
ദാരിദ്ര്യമെന്തെന്ന് അറിഞ്ഞിരുന്നില്ല .പണം ചെലവഴിക്കുന്നതിൽ പിശുക്ക് കാട്ടാതിരുന്ന
അവർ വളരെ ദൈവഭക്തരുമായിരുന്നു.അങ്ങനെയൊരിക്കൽ കൊളംബോയിലെ സെന്റ്
മേരീസ് ദേവാലയത്തിലേക്ക് അവർ ഒരു തീർത്ഥാടനം നടത്തുകയാ ണ്. ഭർത്താവും മകളും
പിന്നെ അവളും.ആ സമ്പന്നരുടെ യാത്രയും അതിസമ്പന്നമായ വിധത്തിലായിരുന്ന
ു.പക്ഷേ,ആ യാത്ര ദുരന്തത്തിലേക്കായിരുന്നുവെന്ന് അവരറിഞ്ഞില്ല.

ആ പവിത്രമായ ദേവാലയത്തിൽ ഭക്താനുഷ്ഠാനങ്ങൾ മുറപോലെ നടക്കുന്ന
ു.അതിനിടയ്ക്ക് ഇരമ്പിയാർക്കുന്ന വിമാനങ്ങളുടെ ശബ്ദം ആരും ശ്രദ്ധിച്ചില്ല .
ആ അശ്രദ്ധയ്ക്ക് പ്രതികാരമെന്നോണം ,ആ ജനതയുടെ മേൽ വർഷിക്കപ്പെട്ടത് നാശത്തിന്റെ
വിത്തുകളായിരുന്നു. അതേ, അന്നു തടിച്ചുകൂടിയിരുന്ന ആ ജനത്തിനു നടുവിലേക്ക്
അഗ്നിജ്വാലകളായി ബോംബ് വർഷിക്കപ്പെട്ടു. ഒരു നിമിഷം ,ചുറ്റുമുള്ളതെല്ലാം
ചാരമാക്കുന്നതോടൊപ്പം, ആ ചാരക്കൂനയിലേക്ക് അവളും വീണു .ഉയരുന്ന
മരണനിലവിളികൾക്കിടയിൽ അവൾ ഏകാകിയായി ചുറ്റും അവൾ ഒന്നു പതുക്കെ
കണ്ണയ്ച്ചു .ഇല്ല ,ഇനി നോക്കാൻ കഴിയില്ല,മകളുടെയും ഭർത്താവിന്റെയും ചേതനയേറ്റ
ശരീരങ്ങളിലേയ്ക്ക് ജീവിച്ഛവമായ ,പാതിയടഞ്ഞ കണ്ണുകളിലേക്ക് .................

ആ നിമിഷം ,എന്തോ ഒന്ന് അവളെ ആവരണം ചെയ്തു.പിന്നെയൊന്നും
ഓർമ്മയില്ല ...കൺതുറന്നപ്പോൾ ഏതോ അന്യമായ സ്ഥലത്ത്,ഓക്സിജൻ മാസ്ക് ധരിച്ച്
ചോരയിൽകുളിച്ച ഒരു ആശുപത്രിക്കിടക്കയിൽ താൻ കിടക്കുന്നു.അവൾ ചുറ്റും ഒന്നു
കണ്ണോടിച്ചു .ഇല്ല,ജീവന്റെ ജീവനായ മകളും ഭർത്താവും ഇനിയില്ല....
തിന്റെ,തന്റേതു മാത്രമായിരുന്ന ആ ജീവനകൾ ഇഹലോകവാസം
വെടിഞ്ഞുവെന്നോ........ദൈവമേ,നീ ഇത്ര ക്രൂരനായിരുന്നോ?അവരില്ലാതെ
ഞാനെങ്ങനെ ......വേണ്ടായിരുന്നു,പണവും പ്രതാപവും ഒന്നും.
സ്നേഹം ...അത് ...ആ വികാരം മാത്രമാണ് അവൾക്ക് വേണ്ടിയിരുന്നത്.ആശുപത്രിയിലെ
ടി.വിയിലേക്ക് അവൾ ഒന്നു നോക്കി അതിൽ എഴുതിയിരിക്കുന്നത് എന്താണ്?തന്റെ
പേര് ,തന്റെ വിധി...
“ശ്രീലങ്കയിലെ കൊളംബയിൽ നടന്ന സ്ഫോടനത്തിൽ 198 പേർ കൊല്ലപ്പെട്ടു.കാര്യമായ
പരുക്കുകളോടെ ഒരാൾ രക്ഷപ്പെട്ടു.ഈ വൻദുരന്തത്തിൽ ജീവഹാനിസംഭവിക്കാത്തതായി
ഒരാൾ മാത്രം-തെരേസ് റോസ് സൈറീൻ"
അതേ,സത്യമതാണ് .ഈ ഭീകരദുരന്തത്തിന്റെ ബാക്കിപത്രമായി താൻ മാത്രമേയുള്ള
ു.ആശുപത്രിവിട്ട് അവൾ വീട്ടിലെത്തി. ആ ചാരുകസേരയിൽ
അവൾ കിടന്നു.യാത്രയ്ക്കിടയിലെ സംഭവങ്ങളെക്കുറിച്ചോർത്ത്,കണ്ണുനീർവാർത്ത്........

മനസിൽ
ഇരുട്ടാണെങ്കിൽ
ലോകം മുഴുവൻ
ഇരുണ്ടതായി
തോന്നുന്നു.
മനസിൽ
വെളിച്ചമാണെങ്കിൽ
എല്ലായിടത്തും
വെളിച്ചമുള്ളതായി
തോന്നുന്നു.



# വാനമ്പാടി

ഒരിക്കലൊരു വാനമ്പാടി ഗോതമ്പു വയലിന് അടുത്തുള്ള ചെടിയിൽ കൂടുകെട്ടി മുട്ടയിട്ട് അടയിരുന്ന് കുഞ്ഞുങ്ങൾ വിരിഞ്ഞ് പുറത്തിറങ്ങിയ കഴിഞ്ഞപ്പോൾ വാനമ്പാടി തീറ്റ തേടി പുറപ്പെട്ടു. അവൾ കുഞ്ഞുങ്ങളോട് പറഞ്ഞു വയലിൽ കൊയ്ത്തു തുടങ്ങി കൊയ്ത്തുകാർ വന്നാൽ നിങ്ങളെ ഉപദ്രവിക്കും ആരെങ്കിലും എന്തെങ്കിലും പറഞ്ഞു കേട്ട് ഞാൻ വൈകിട്ട് വരുമ്പോൾ എന്നെ അറിയിക്കണം കേട്ടോ. ഇത് പറഞ്ഞു വാനമ്പാടി പറന്നു പോയി



കുറച്ചു കഴിഞ്ഞപ്പോൾ വയലിന്റെ ഉടമയും മകനും കൂടി അവിടെ വന്നു. ഗോതമ്പു വിളഞ്ഞിട്ടുണ്ട് അയൽപക്കക്കാരും ഒക്കെ കൂട്ടി ഇത് കൊയ്തെടുക്കാം. വന്നപ്പോൾ കുഞ്ഞുങ്ങളെല്ലാം ഇക്കാര്യം പറഞ്ഞു. അമ്മയെ കൊയ്ത്തുകാർ നാളെ തന്നെ വരും അതിനാൽ ഇന്നു തന്നെ നമുക്ക് പോകാം. അമ്മ അവരെ സമാധാനിപ്പിക്കുകയും ചെയ്തത് അയൽക്കാരെ ആശ്രയിച്ചാണ് അവരുടെ കൊയ്ത്ത് എങ്കിൽ അത് നടക്കില്ല. നിങ്ങൾ പേടിക്കാതിരിക്കു, അടുത്ത ദിവസവും അമ്മ പറന്നു പോയി. അന്നും വയലിന്റെ ഉടമ വന്നു. അയൽക്കാരുടെ കാത്തിരുന്നിട്ടു കാര്യമില്ല നമുക്ക് ബന്ധുക്കളെ വിളിച്ചുകൊണ്ടുവന്ന് കതിരുകൾ പറിക്കാം. അതുകേട്ട് പേടിച്ചരണ്ട വാനമ്പാടി കുഞ്ഞുങ്ങൾ അമ്മ തിരിച്ചുവന്നപ്പോൾ കാര്യം പറഞ്ഞു. മക്കളെ സമാധാനിപ്പിക്കുകയാണ് ചെയ്തത്. പേടിക്കേണ്ട, ബന്ധുക്കൾക്ക് സ്വയം വയലുകൾ കൊയ്യാൻ കാണും നാളെയും കൊയ്ത്ത് നടക്കാൻ പോകുന്നില്ല. പിറ്റേന്ന് കളകളൾ കൊയ്യാൻ പോയിക്കഴിഞ്ഞ് വയലിന് ഉടമ വന്നു ഗോതമ്പുമണികൾ ഉണങ്ങിയത് കണ്ട് അയാൾക്ക് ദേഷ്യം ആയി. ബന്ധുക്കളെ കാത്തിരുന്നിട്ടു കാര്യമില്ല കൊയ്ത്തു പണിക്കാരെ വിളിച്ച് കൊയ്ത്തുതുടങ്ങാം വൈകുന്നേരം അമ്മക്കിളി ഇരപിടിക്കലും കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ കുഞ്ഞുങ്ങൾ രാവിലെ കൊയ്ത്തുകാർ പറഞ്ഞതു അമ്മയോട് പറഞ്ഞു. അങ്ങനെയാണെങ്കിൽ നാളെ തന്നെ നമുക്കും കൂടുകൂട്ടാൻ മറ്റൊരിടം തേടിപ്പോകാം. അങ്ങനെ അവർ അവിടെനിന്ന് പോയി.



അഭിനവ് സാബു
10 A

TechExtra-2019

# Little Kites photography







# ചുമരെഴുത്തുകൾ

അഭയംതേടി അടുത്തുള്ള വിദ്യാലയത്തിലെ ദുരിതാശ്വാസ ക്യാമ്പിലെത്തിയ അമ്മാളു മുത്തശ്ശിക്ക് തല ചായ്ക്കാൻ ഒന്നാം ക്ലാസിലെ ബെഞ്ചാണ് കിട്ടിയത്.കൂട്ടിന് അഞ്ചുവയസ്സുകാരി അമ്മുവും.മുത്തശ്ശി പഠിച്ചിട്ടുണ്ടോ?

മൗനത്തിന്റെ ഇടവേള അവസാനിച്ചപ്പോൾ അമ്മു ചോദിച്ചു.

മുത്തശ്ശി  വിളറിയ ഒരു ചിരിയോടെ തലയാട്ടി.

ഇല്ല കുട്ട്യേ.

എന്നാലേ മുത്തശ്ശിയെ ഞാൻ പഠിപ്പിക്കാട്ടോ.

അത്രയും പറഞ്ഞ് അവൾ ചുമരിനടുത്തേക്കു ചെന്നു.

ഒരുമ തന്നെ പെരുമ.ഒന്നായാൽ നന്നായി.

ചുമരിലെഴുതിയ സന്ദേശങ്ങൾ  അവൾ ഉറക്കെ വായിച്ചു.

ശരിയാ കുട്ട്യേ,എല്ലാവരും ഇപ്പഴ് ഒന്നായല്ലോ.നായരും നായാടിയും പണക്കാരനും പാവപ്പെട്ടോനു ഒക്കെ ഒന്നിച്ചല്ലോ.

മുത്തശ്ശി ഒന്നു നെടുവീർപ്പിട്ടു.



അമ്മു അടുത്ത സന്ദേശം വായിച്ചു.

പലതുള്ളി പെരുവെള്ളം.

അതിപ്പഴ് എല്ലാവർക്കും ബോധ്യപ്പെട്ടല്ലോ.

മുത്തശ്ശി പിറുപിറുത്തു.

അമ്മു ചുമരെഴുത്തിലേക്കു കണ്ണോടിക്കുന്നതിനുമുമ്പ് അമ്മയെത്തി.

നീ ഇവിടെ എന്തുചെയ്യുകയാണ്? അമ്മ ചോദിച്ചു.

"ഞാൻ മുത്തശ്ശിയെ പഠിപ്പിക്കുകയാണ് ".അവർ ഗൗരവം വിടാതെ പറഞ്ഞു.

ഇനിയിപ്പോൾ അതിന്റെ ഒരു കുറവേയുള്ളൂ.വെള്ളമിറങ്ങുമ്പോൾ കേറിക്കിടക്കാൻ വീട് ബാക്കിയുണ്ടാകണമേയെന്ന് പ്രാർത്ഥിക്ക്."

അമ്മുവിന്റെ അമ്മയുടെ തൊണ്ടയിടറി.

അമ്മു എടുത്ത സന്ദേശം വായിച്ചു.

"ജലമില്ലെങ്കിൽ ജനമില്ല."

പറഞ്ഞു തീരുംമുമ്പ് അമ്മുവിന്റെ പുറത്ത് അടി വീണു.

"ഇനി മിണ്ടരുത് ".അമ്മ അലറി.

അമ്മു അന്തംവിട്ട് മിഴിച്ചുനിൽക്കുകയാണ്.അമ്മ കരയുന്നതെന്തിനാണെന്ന് അവൾക്ക് മനസ്സിലായില്ല.

- അനോൽഡ ആൻ ജോസ്
8 A



# STATE IT FAIR WINNERS









# പ്രണയ ജാലകം

ചതുരജാലകത്തിനുള്ളിൽ
കരിമഷിക്കണ്ണു നീണ്ടു.
പഞ്ചാര മണൽകടന്നോ
കുളിർപ്പുഴനീന്തിയോ
പച്ചിലക്കാട്ടുവകഞ്ഞോ?
എങ്ങനെയാണവൻ വരിക?

ഇടനെഞ്ചിലെ അഗ്നി
കുറുക്കിക്കുറുക്കി വിളക്കെരിച്ചവൾ
കാത്തുകാത്തിരുന്നു.

മണൽക്കാട്ടിൽ വിയർപ്പിൽ
പഞ്ചാരയുമ്മയൊളിപ്പിച്ച്
പ്രണയക്കുളിരിൽ സ്വപ്നം

നെയ്ത് നെയ്ത്
നെഞ്ചകം വെന്തുവെണ്ണീറാകും
മുമ്പെത്തമമെന്നു
പിടഞ്ഞുപിടഞ്ഞ് അവനെത്തി
അവളുടെ പ്രമയവിളക്കിലവൻ
തളിരിട്ടു മിന്നിമിന്നിത്തെളിഞ്ഞു.

-ശ്രീലക്ഷ്മി .റ്റി.
8 A

# പൂവന്റെ മുട്ട

പൂവനിട്ട മുട്ട പൊട്ടി
പൂച്ചക്കുഞ്ഞ് ചാടി
പൂച്ച ചാടി കൊമ്പിൽക്കേറി
പാട്ടുറക്കെ പാടി

പാട്ടുക്കേട്ട കാട്ടുമൂപ്പൻ
ചോട്ടിലോടിയെത്തി
കാട്ടുമരംകൊമ്പതാഴ്ത്തി
മൂപ്പനെക്കയറ്റി

പാട്ടുപാടും പൂച്ചഞെട്ടി
പൂവൻ കോഴിയായി
കാട്ടുമര കൊമ്പുവിട്ടു
വീട്ടിലോടിയെത്തി



നിർമൽ ബെന്നി

6 B

# Sub District Kalolsavam



# Tribal Fest



# നിഴലില്ലാതെ

അതിശൈത്യം ആണെങ്കിലും അറിയാത്ത മനസ്സ് എങ്ങോട്ടോ പായുകയായിരുന്നു. പത്തുവർഷം സന്തോഷം ദുഃഖവും അനുഭവിച്ച ജീവന്റെ പാതി പിന്നിട്ട് ആ ക്ലാസ് മുറിയിൽ നിന്നും പൊടി മണ്ണിന്റെ കാറ്റുവീശുന്ന മൈതാനത്തിൽ നിന്നും വിട പറഞ്ഞ് എല്ലാറ്റിനും ഉപരി താങ്ങും തണലുമായി കൂടെ നിന്ന എന്റെ സുഹൃത്തുക്കളുടെ കൈ തോളിൽ ഇല്ലാതെ അകലേക്ക് വേർപിരിയുന്ന ദിവസമാണിന്ന്.

ഞാൻ ഓർക്കുകയാണ്. ശാസന എത്ര കേട്ടാൽ പോലും മതിവരാതെ ഡെസ്കിൽ കൊട്ടിയും പാട്ടുപാടിയും സിനിമ കോട്ടയിലെ പുതിയ കഥയും പറഞ്ഞു തോളിൽ കൈയിട്ട് ബെഞ്ചിലിരുന്ന നാളുകൾ. പൊതിച്ചോറുകൾ കൈമാറിയും ഇല്ലാത്തത് പങ്കുവെച്ച് കഴിവുകളെ ഉയർത്തി കൊണ്ടുവന്നും എല്ലാം ഉള്ളതാക്കി ഞങ്ങളെ തീർത്ത ആ ചുമരുകൾ ഞങ്ങളുടെ ഹൃദയം പോലെയായിരുന്നു. കുസൃതി ജന്മവാസന പോലെയായിരുന്നു ഞങ്ങൾക്ക്. മാവിൽ അറിഞ്ഞു മാഷിന് വട്ടപ്പേര് വിളിച്ചും മണ്ണ് വാരി എറിഞ്ഞും പേന വെട്ടിയും ഒക്കെ കളിച്ച തീർത്ത എത്രയോ നാളുകൾ . എല്ലാം ഒരു മരത്തിന് ശിഖരം ഒടിഞ്ഞു വീഴുന്നത് പോലെ അടർന്ന വീഴാൻ സമയം അധികം ഇല്ല. ആ ദിനം അടുത്തു കഴിഞ്ഞു .

സ്കൂളിലെത്തി മാഷിനെ കണ്ടു യാത്ര പറഞ്ഞു. സ്റ്റാഫ് റൂമിൽ നിന്നിറങ്ങുമ്പോൾ മനസ്സ് എല്ലാവരോടും എന്തിനൊക്കെയോ വേണ്ടി മാപ്പ് ചോദിക്കുന്നതുപോലെ തോന്നി. ക്ലാസിലെത്തി. കുട്ടി കളിച്ച ഡെസ്കിൽ കൈ വെച്ച് ബെഞ്ചിന്റെ പിടിയിൽ കാലുറപ്പിച്ച് അങ്ങനെ ഇരുന്നു. ആർത്തുല്ലസിച്ച് ആ നാലു ചുമരുകൾക്കിടയിൽ നിശബ്ദത പരന്നു എല്ലാവരും മൗനത്തിലായിരുന്നു. ക്ലാസ് ടീച്ചർ തൻറെ അവസാന വാക്ക് പറഞ്ഞു തീർന്നു. ക്ലാസ്സിൽ ചെറിയൊരു കൈയ്യടി മുഴങ്ങി. അവസാനമായി എല്ലാവരും ഒന്നിച്ചുള്ള ഉച്ചഭക്ഷണം ഒരുമിച്ച് കഴിച്ച . മനസ്സ് ദുഃഖത്തിൽ ആയിരുന്നതിനാൽ ആർക്കും രുചി അറിഞ്ഞില്ല. ഭക്ഷണം ഇറങ്ങുന്നതും ഇല്ല. തോളിൽ കൈയിട്ടവർ ഓരോ ദിക്കുകളിലേക്ക് ആയി പുഴ വേർപിരിയുന്നത് പോലെ വേർ പിരിയുകയാണ്. ഞാൻ ക്ലാസ്സിൽ തനിയെ ഇരുന്നു. ഞങ്ങളുടെ ശബ്ദവും സാന്നിധ്യവും ആയിരുന്നു അവിടം. ഞങ്ങളുടെ നിഴലും ശബ്ദതരംഗംവും ഇല്ലാത്തതിനാൽ ചുമരുകൾ പോലും കരയുന്നതുപോലെ എനിക്ക് തോന്നി. ആ ചുമരുകളിൽ ഇനി ഞങ്ങളുടെ നിഴലുകൾ എന്നു പതിയും. ഇനിയൊരു ഒത്തുചേരൽ ചിന്തകളിൽ നിന്ന് ഉണരാതെ ഒരിക്കൽ കൂടി ഓർമ്മകൾ വേരോടുന്ന എന്റെ സ്കൂൾവരാന്തയിലൂടെ ഞാൻ നടന്നു. ഇരുട്ടിന്റെ നിഴലില്ലാത്ത ശൂന്യതയിലേക്ക്...

-ആൽഡ്രിൻ എം.എ

8 A

# കണ്ണീർ കാലം



തോരാതെ പോകുന്ന
ജീവിതത്തിൽ
പിന്നെയും വന്നു
കൊടുംമാരി
കടലിൽ നിന്ന്
നീന്തിക്കയറിയ നേരം
പിന്നെയും തെന്നി കടലിൽ
വീണു
ജീവനായ്
ഓടിപ്പാഞ്ഞിടുമ്പോൾ
പൊലിയുന്നു ജീവനും ജീവിതവും
അധ്യായം ഗ്രഹിക്കും വിദ്യാലയമിന്നു
ജീവന്റെ രക്ഷതൻ ക്രൂടായിമാറി
പച്ചപേകിടും മലയും നിരകളും
പൊട്ടിയിറക്കമായി ജീവനു മിതെ
മണ്ണിനെ സ്നേഹിച്ച മണ്ണിന്റെ മക്കൾതൻ
ജീവനിതാ മണ്ണിന്റെ ക്രൂടെ പൊലിയുന്നു
പുഴയായ പുഴയും തോടായ തോടും കവിഞ്ഞു
ജീവനായ ജീവിതം കണ്ണീരാൽ കവിഞ്ഞു
തോരാതെ വീഴുന്നു മാരിതൻ തുള്ളി
തോരാതെ വിങ്ങുന്നു കണ്ണീർതുള്ളി

-സാനിയ സുകുമാരൻ
9 B

# കഥാധാരി

രാത്രി കൂടുതൽ അന്ത്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. ഇലയും പൂവും പീലി ചലിപ്പിക്കാൻ തുടങ്ങി. തണുപ്പും അതിന്റെ മധ്യത്തിൽ സ്ഥാനം പിടിച്ചു മയങ്ങാൻ ആരംഭിച്ചു. ഉണർന്നാൽ നാളെയാണ് പുതിയ നാളെ. പുറത്തെ ഈ വ്യതിചലനങ്ങൾ ഒന്നും ബാധിക്കാതെ ഇവിടെ ഒരു കഥാകാരൻ തന്റെ കഴിവുരുക്കി മഷി ഇറക്കാൻ ശ്രമിക്കുകയാണ്. പുലരുമ്പോൾ ഒരായിരം കഥാചമയക്കാർ എത്തുന്നു. സർഗവേദിയിൽ കാഴ്ചവയ്ക്കാൻ അത്രെ ഈ നിവേദ്യം ചിന്തകൾ മഴ പെയ്ത് കാട്ടുചെടിയിൽ പറ്റി വള്ളികൾ ആയി തളിർക്കുമ്പോഴേക്കും കൊടും ഉഷ്ണം അതിനെ കരിച്ചു കളഞ്ഞു. അപ്പോഴേക്കും കഥാകാരൻ ഒരരുവിയായ് തീർന്നിരിക്കുന്നു. അത് ഈജിപ്തിന്റെ നെഞ്ചിലെ വഴിയായി ഒഴുകി , പതുക്കെയത് കണ്ണാടി ഒഴുകുന്ന ആമസോണായി. പിന്നെ പതുക്കെ അത് ഇന്ത്യ പേറുന്ന സിന്ധുവായി ഓരോ നദിയും അടുത്തുള്ള പ്ലാസ്റ്റിക് ബോക്സിലെ സമുദ്രമായി അതിന്റെ തിരമാലകൾ ശക്തമായി ആഞ്ഞടിച്ചുകൊണ്ടേയിരിക്കുന്നു.

അപ്പോഴേക്കും തൊട്ടടുത്തിരുന്ന ക്ലോക്ക് ശക്തമായി നിലവിളിച്ചു. അത് പ്രതിധ്വനിച്ച് കഥാകാരന്റെ തൊട്ടടുത്തിരുന്ന ചിതലരിച്ച മേശയിലും അതിലെ പേനയിലും തട്ടി കഥാകാരന്റെ നെഞ്ചിലെ ആധിയിൽ ചെന്നവസാനിച്ചു.

ചിന്തകൾ വീണ്ടും പർവ്വതങ്ങൾ കീഴടക്കുകയാണ്. അപ്പോഴെല്ലാം പേന തന്റെ വിയർപ്പിനെ വിത്തുവിതച്ചു കൊണ്ടേയിരുന്നു. ക്ലോക്കും കഥാകാരനെ വെറുതെ വിട്ടില്ല മത്സരിച്ചു കൊണ്ടേയിരുന്നു. ഇവിടെ നടക്കുന്ന മത്സരം കാണാനെന്നോണം വെളിച്ചം ഇരുട്ടിനെ തള്ളിമാറ്റുന്നുണ്ടായിരുന്നു.

മത്സരത്തിൽ സമാധാനമായി ബാങ്കുനാമവും ഓടിക്കിതച്ചെത്തി. കാപ്പിയും കോപ്പയും അപ്പോഴേക്കും കാണികളായിരുന്നു. പതുക്കെ സൂര്യനും എത്തിനോക്കി. കഥാകാരൻ തോൽവി ഏറ്റുവാങ്ങിയ മത്സരാർത്ഥിയെപ്പോലെയായ്.

പെട്ടെന്ന് ഓർമ്മ പതുക്കെ ഞരമ്പിനെ ഒന്നു തൊട്ടു. കഥാകാരൻ എഴുതി ഞരമ്പ് ചൊന്നതെല്ലാം എഴുതി. അവസാനമായി ഒന്ന് ഓടിച്ചു വായിച്ചു കഥയുടെ വരികളും അതിൽ ഉടലെടുത്ത ആശങ്കയും കഥാകാരൻ ശ്രദ്ധിച്ചത്. അറിയാതെയാണെങ്കിലും തന്റെ ജീവിതമാണിതെന്ന്. അതിൽ ഏറെ പരിചയമുള്ള ഒരു മുഖം തെളിഞ്ഞു വരുന്നുണ്ടായിരുന്നു... കഥാകാരന്റെ കണ്ണാടിപോലെ..-

-ഷബീബ കെ .വി

10 D

# നിഴൽ

അതിശൈത്യം ആണെങ്കിലും അറിയാത്ത മനസ്സ് എങ്ങോട്ടോ പായുകയായിരുന്നു. പത്തുവർഷം സന്തോഷം ദുഃഖവും അനുഭവിച്ച ജീവന്റെ പാതി പിന്നിട്ട് ആ ക്ലാസ് മുറിയിൽ നിന്നും പൊടി മണ്ണിന്റെ കാറ്റവീശുന്ന മൈതാനത്തിൽ നിന്നും വിട പറഞ്ഞ് എല്ലാറ്റിനും ഉപരി താങ്ങും തണലുമായി കൂടെ നിന്ന എന്റെ സുഹൃത്തുക്കളുടെ കൈ തോളിൽ ഇല്ലാതെ അകലേക്ക് വേർപിരിയുന്ന ദിവസമാണിന്ന്.



ഞാൻ ഓർക്കുകയാണ്. ശാസന എത്ര കേട്ടാൽ പോലും മതിവരാതെ ഡെസ്കിൽ കൊട്ടിയും പാട്ടുപാടിയും സിനിമ കോട്ടയിലെ പുതിയ കഥയും പറഞ്ഞു തോളിൽ കൈയിട്ട് ബെഞ്ചിലിരുന്ന നാളുകൾ. പൊതിച്ചോറുകൾ കൈമാറിയും ഇല്ലാത്തത് പങ്കുവെച്ച് കഴിവുകളെ ഉയർത്തി കൊണ്ടുവന്നും എല്ലാം ഉള്ളതാക്കി ഞങ്ങളെ തീർത്ത ആ ചുമരുകൾ ഞങ്ങളുടെ ഹൃദയം പോലെയായിരുന്നു. കുസൃതി ജന്മവാസന പോലെയായിരുന്നു ഞങ്ങൾക്ക്. മാവിൽ എറിഞ്ഞും മാഷിന് വട്ടപ്പേര് വിളിച്ചും മണ്ണ് വാരി എറിഞ്ഞും പേന വെട്ടിയും ഒക്കെ കളിച്ചു തീർത്ത എത്രയോ നാളുകൾ . എല്ലാം ഒരു മരത്തിന് ശിഖരം ഒടിഞ്ഞു വീഴുന്നത് പോലെ അടർന്നു വീഴാൻ സമയം അധികം ഇല്ല. ആ ദിനം അടുത്തു കഴിഞ്ഞു .

സ്കൂളിലെത്തി മാഷിനെ കണ്ടു യാത്ര പറഞ്ഞു. സ്റ്റാഫ് റൂമിൽ നിന്നിറങ്ങുമ്പോൾ മനസ്സ് എല്ലാവരോടും എന്തിനൊക്കെയോ വേണ്ടി മാപ്പ് ചോദിക്കുന്നതുപോലെ തോന്നി. ക്ലാസിലെത്തി. കൊട്ടി കളിച്ച ഡെസ്കിൽ കൈ വെച്ച് ബെഞ്ചിന്റെ പിടിയിൽ കാലുറപ്പിച്ച് അങ്ങനെ ഇരുന്നു. ആർത്തുല്ലസിച്ച് ആ നാലു ചുമരുകൾക്കിടയിൽ നിശബ്ദത പരന്നു എല്ലാവരും മൗനത്തിലായിരുന്നു. ക്ലാസ് ടീച്ചർ തൻറെ അവസാന വാക്ക് പറഞ്ഞു തീർന്നു. ക്ലാസ്സിൽ ചെറിയൊരു കൈയ്യടി മുഴങ്ങി. അവസാനമായി എല്ലാവരും ഒന്നിച്ചുള്ള ഉച്ചഭക്ഷണം ഒരുമിച്ച് കഴിച്ചു . മനസ്സ് ദുഃഖത്തിൽ ആയിരുന്നതിനാൽ ആർക്കും രുചി അറിഞ്ഞില്ല. ഭക്ഷണം ഇറങ്ങുന്നതും ഇല്ല. തോളിൽ കൈയിട്ടവർ ഓരോ ദിക്കുകളിലേക്ക് ആയി പുഴ വേർപിരിയുന്നത് പോലെ വേർ പിരിയുകയാണ്. ഞാൻ ക്ലാസ്സിൽ തനിയെ ഇരുന്നു. ഞങ്ങളുടെ ശബ്ദവും സാന്നിധ്യവും ആയിരുന്നു അവിടം. ഞങ്ങളുടെ നിഴലും ശബ്ദതരംഗംവും ഇല്ലാത്തതിനാൽ ചുമരുകൾ പോലും കരയുന്നതുപോലെ എനിക്ക് തോന്നി. ആ ചുമരുകളിൽ ഇനി ഞങ്ങളുടെ നിഴലുകൾ എന്നു പതിയും. ഇനിയൊരു ഒത്തുചേരൽ ചിന്തകളിൽ നിന്ന് ഉണരാതെ ഒരിക്കൽ കൂടി ഓർമ്മകൾ വേരോടുന്ന എന്റെ സ്കൂൾവരാന്തയിലൂടെ ഞാൻ നടന്നു. ഇരുട്ടിന്റെ നിഴലില്ലാത്ത ശൂന്യതയിലേക്ക്..


**-മിലൻ ജോസ്**

# മുറിയിൽ വിരിഞ്ഞ മഴവില്ല്

സൂര്യൻെറ ധവളപ്രകാശം യഥാർത്ഥത്തിൽ ഏഴ് നിറങ്ങൾ ചേർന്നതാണെന്ന് കണ്ടെത്തിയത് ന്യൂട്ടനാണ്. തൻെറ മുറിയുടെ ജനാല മറയിൽ ഒരു സുഷിരമുണ്ടാക്കി. അതിലൂടെ കടന്നുവന്ന പ്രകാശത്തെ ഒരു ലെൻസുപയോഗിച്ച് കേന്ദ്രീകരിച്ച് ഒരു ത്രികോണ പ്രിസത്തിൽ പതിപ്പിച്ചു. അപ്പോഴാണ് പ്രകാശത്തിലെ ഏഴുനിറങ്ങൾ വേർപിരിഞ്ഞ് ന്യൂട്ടൻെറ മുറിയിൽ മഴവില്ല് വിരിഞ്ഞത്. പ്രകാശത്തിലെ വർണ്ണരാജി കണ്ടെത്തിയ ഈ ലളിത പരീക്ഷണം ലോകത്തിലെ മഹത്തായ കണ്ടുപിടുത്തങ്ങളലൊന്നാണ്.



ദീപക്ക് ശിവ് സി.എ



# തണൽ

*അതിരാവിലെ ഉണർന്ന് അമ്മ അടുക്കളപ്പണി തുടങ്ങിയെന്ന് കുക്കറിന്റെ വിസിലടിക്കേട്ടപ്പോൾ തന്നെ തോന്നി.*

*'എന്റെ ഭഗവാനെ കാത്തുക്കൊള്ളണേ.'*

*ഗീത സ്ഥിരം രാവിലെ ഉണരുമ്പോൾ പറയുന്ന വാചകം മാറ്റമില്ലാതെ ഇന്നും പറഞ്ഞു. ഇന്നലെ കിടന്നുറങ്ങുയത് കരഞ്ഞുകൊണ്ടാണ്.*

*ഓണാവധി കഴിഞ്ഞ് സ്കൂളിൽ ചെന്നപ്പോഴാണ് ഒന്ന് നേരെയായത്. കൂട്ടുക്കാരുടെ ഇടയിൽ വിശേഷം പറഞ്ഞുക്കോണ്ടിരിക്കുമ്പോഴാണ് സ്വാതിടീച്ചർ കണക്കിൻെറ പേപ്പറുമായി ക്ലാസ്സിലേക്ക് കയറിയത്. ടീച്ചറുടെ മുഖം സാധാരണയിലധികം വാടിയിരുന്നു. സ്വാതിടീച്ചറുടെ ഇഷ്ടമുള്ള 'ഗുഡ് മോർനിംഗ് ടീച്ചർ' എന്നുതുടങ്ങുന്ന മന്ത്രം എല്ലാവരും ചേർന്ന് പറഞ്ഞു. അതിനുശേഷം കുറച്ചുനേരം ടീച്ചരുടെ ഉപദേശം. ഉപദേശത്തിനിടെയ്ക്ക് കൈയിലേക്ക് പേപ്പറെടുത്ത് ഇടയ്ക്കിടെ തുറന്നും മറിച്ചും നോക്കും. കുറെ കഴിഞ്ഞപ്പോൾ പേപ്പർ കൊടുക്കുവാൻ തുടങ്ങി.*

*"റോൾ നമ്പർ വൺ"*

*ടീച്ചർ നീട്ടി വിളിച്ചു.*

*എല്ലാക്കൊല്ലവും ആർക്കും വിട്ടുക്കൊടുക്കാതെ കൈയിൽ സൂക്ഷിച്ചു വച്ച്" നമ്പർ 1" എന്ന ഗമയിൽ അബിന എഴുന്നേറ്റു നിന്നു. പേപ്പറു കൊടുക്കുന്നതിന് മുൻപ് ടീച്ചർ ഒത്തിരി ചോദ്യങ്ങളും ശകാരങ്ങളും പിന്നെ പേപ്പറും കൊടുത്തു. ഇങ്ങനെ പലരേയും വിളിച്ചു; പേപ്പറുകൊടുത്തു. ഏതോ ഒരു സ്വപ്നലോകത്തിൽ മയങ്ങിയിരിക്കുമ്പോൾ പെട്ടെന്ന്*

*'ഗീത. എസ്. പ്രവീൺ'*

*എന്ന് കേട്ടു.*

*ഗീത സ്വന്തം പേരെന്ന വിശ്വാസം പോലും ഇല്ലാതെ അവൾ എഴുന്നേറ്റു. തുടർന്ന് അവിടെ സംഭവിച്ചതന്നും*

*അവൾക്ക് ഓർമ്മയില്ല. നിറഞ്ഞ സങ്കടത്തോടെയാണ് അവൾ വീട്ടിലേക്ക് ചെന്നതും. അത്താഴം കഴിക്കുന്നതുവരെ പേപ്പർ കാണിക്കുകയോ അതേക്കുറിച്ച് സംസാരിക്കുകയോ*

ചെയ്യില്ല.

പതിവില്ലാതെ അത്താഴത്തിനു ശേഷംഅച്ഛനും അമ്മയും സംസാരിക്കുകയായിരുന്നു. ഓഫീസിലെ വിശേഷങ്ങൾ എല്ലാം പറഞ്ഞു തീർത്തശേഷംഅച്ഛൻ എന്തോ ചിന്തിക്കുകയായിരുന്നു.

'അല്ല ഗീതമോളെ ഓണപരീക്ഷായുടെ പേപ്പർ ഒന്നും കിട്ടിയില്ലേ.'

അറിയാതെ അവളുടെ തല ഭയം കൊണ്ട് തന്നെ താണുപ്പോയി.

അച്ഛന്റെയടുത്ത് കണക്ക് പരീക്ഷയ്ക്ക് തോറ്റകാര്യം പറഞ്ഞാൽ പിന്നെ ജീവൻ തിരിച്ച് കിട്ടുമോ എന്ന് പറയാൻ പറ്റില്ല. കാരണം കണക്കിനെ ഇത്രമാത്രം സ്നേഹിക്കുന്നതായി അവരുടെ കുടുംബത്തിൽ അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും ഗതികെട്ടിട്ടെന്നപ്പോലെ അവൾ പറഞ്ഞു:



'ഞാൻ.....ഞാൻ.....എനിക്ക് കണക്കിന് മാർക്കു കുറഞ്ഞുപ്പോയി.'

"എന്ത്? കണക്കിനു മാർക്കു കുറഞ്ഞെന്നോ?"

അച്ഛന് ദേഷ്യവും, അത്ഭുതവും ഭയവും അടക്കാനായില്ല.

"ഒറ്റകുഞ്ഞായതുകൊണ്ട് എല്ലാവിധ സൗകര്യങ്ങളും സ്നേഹവും കൂടുതൽ നൽകി. എന്നിട്ട് തിരിച്ചൊന്നും നൽകുവാൻ അവൾക്ക് കഴിഞ്ഞില്ല. പിന്നെ എന്തിനാ മകളെന്നും പറഞ്ഞ് ഇവിടെ നിറുത്തുന്നത്. വല്ല ഹോസ്റ്റലിലും കൊണ്ടുപ്പോയി നിറുത്തണ്ടേ.

മോളെ ഇത് എന്താ പറ്റിയേ....നിനക്ക് കണക്ക് ഇഷ്ടമല്ലേ."

ഇത്രയും പറഞ്ഞപ്പോഴേക്കും ആ പിതാവിന്റെ കണ്ണുകൾ നിറഞ്ഞു പോയിരുന്നു.

"സാരമില്ല നമ്മുക്ക് അടുത്ത പരീക്ഷയ്ക്ക് മാർക്ക് മേടിക്കാം."

അച്ഛൻ അവളെ ആശ്വസിപ്പിച്ചു..........

-ജിസ് മേരി ജിൽസൺ -9D

# ഭീഷണിയായി ആണവായുധം.

നിരായുധീകരണത്തിന്റെ പാതയിൽ ഏറ്റവും പ്രധാന വെല്ലുവിളി ആണവായുധം തന്നെ.2018-ലെ കണക്കനുസരിച്ച് അമേരിക്ക,റഷ്യ,യുകെ, ഫ്രാൻസ്,ചൈന,ഇന്ത്യ,പാകസ്ഥാൻ,ഇസ്രായേൽ,വടക്കൻ കൊറിയ എന്നീ രാജ്യങ്ങൾക്കായി ആണവായുധങ്ങൾ നിലവിലുണ്ട്.ഇതിൽ 3750 എണ്ണം ഉപയോഗിക്കാൻ പാകത്തിൽ പട്ടാളത്തിനു നൽകിയിട്ടുമുണ്ട്. ഇതിൽ തന്നെ രണ്ടായിരത്തോലം എണ്ണം ഏതു സമയത്തും ഉപയോഗിക്കാൻ പാകത്തിൽ തയ്യാറായി നിൽക്കുന്നു.ആഗോള ആണവായുധ ശേഖരത്തിന്റെ 92 ശതമാനവും അമേരിക്ക,റഷ്യ എന്നീ രാജ്യങ്ങളുടെ പക്കൽ തന്നെയാണ്.



- ജെസ്സിൻ ജോസഫ്
  8 A

# വെളിച്ചം...

മനസിൽ
ഇരുട്ടാണെങ്കിൽ
ലോകം മുഴുവൻ ഇരുണ്ടതായി
തോന്നുന്നു.
മനസിൽ
വെളിച്ചമാണെങ്കിൽ എല്ലായിടത്തും
വെളിച്ചമുള്ളതായി
തോന്നുന്നു.
അടുത്തടിവച്ചു  തൊടുവാൻ നോക്കുമ്പോ-
ളകലേക്കു പായും വെളിച്ചമേ നിന്നെ,
ശരിക്കു സാതികക്കറുകയേകി ഞാൻ
മെരുക്കുവാൻ നോക്കും മരിക്കുവോളം!

ശിവാനി മോഹനദാസ്
8 A

## അച്ഛനിഷ്ടം

നേരം പാതിരാകഴിഞ്ഞാലും
നോവില്ലാതച്ഛൻ ഇറങ്ങാറുണ്ട്
നീലയുറങ്ങിയ നദിയിലവനെന്നും
ഓളങ്ങൾ തേടിഓടാറുണ്ട്
പാതിരാഞ്ചോറിന്നായച്ഛൻ വരുമ്പോഴൊന്നും
അമ്മ ഉണരാത്തത് ഞാനറിഞ്ഞു
അല്ല അച്ഛനുണർത്താത്ത് ഞാനറിഞ്ഞു
കറിപുളിച്ചെങ്കിലും രണ്ടുനേരം-
മറിഞ്ഞ വിശപ്പിൽ അച്ഛനുണ്ടു
കൊച്ചുകാലംതൊട്ടേ മീൻക്രുട്ടിവളർന്നെങ്കിലും
അഞ്ചാംക്ലാസിലക്ഷരം എഴുതുമ്പോഴെ-
അച്ഛനാകടവിലെ ചെറുമീൻകാരനെന്ന് ഞാനറിഞ്ഞുള്ളൂ
രാത്രിയിൽ മുങ്ങിയപുഴചൊന്നരഹസ്യം
ക്രുട്ടുകാരനിൽനിന്ന് ഞാനൊളിച്ചു
കിട്ടുന്ന സമയം  അച്ഛൻ തന്നൊരാ-
മിഠായി മീൻചുവയുള്ളത് നേരുതന്നെ
എനിക്കു രണ്ടെങ്കിലും ചേട്ടനത്
നാലയതും നേര് തന്നെ
അച്ഛന്റെ ഇഷ്ടം ചേട്ടനിലത
മുളച്ചതും നേര് തന്നെ

അച്ഛനുറങ്ങാത്ത ചീട് കണ്ടമ്മ
കരഞ്ഞുതളർന്നെങ്കിലും

അച്ഛനെക്കാണാതെ പോയതോർത്തു.

ബിടെകിൻ കാലത്ത് ബീഡിയെടുത്ത ഞാൻ

അമ്മതൻ ശവമെരിയുന്നത് കണ്ടില്ല

അമ്മതൻ മൂന്നും പതിനഞ്ചും

വെണ്ണിറായെങ്കിലും അച്ഛൻതൻ കണ്ണ്

പുഴയായില്ല

അച്ഛനാ വൃദ്ധസദനത്തിൽ ജനലഴി

തൊട്ട് പ്രാർത്ഥിക്കാറുണ്ടെന്നന്തേവാസികൾ ചൊന്നെങ്കിലും

ഏട്ടനും പെണ്ണിനും  കൺനിറഞ്ഞില്ല.

BY,

SHABEEBA K.V

10D



# വിസ്മരിക്കാനാനാവാത്തത്



കാലചക്രം മുന്നോട്ടുനീങ്ങുന്നു.എന്തേ ഇതിനിത്ര വേഗത്തിൽ? ദീർഘനേരം ചിന്തിച്ചിട്ടും അതിനുകാരണം എന്തെന്നുമാത്രം അവൾക്കു മനസ്സിലായില്ല .ആ ചിന്തകൾക്കിടയിലും കണ്ണീർ അവളുടെ മിഴികളിൽ നിന്ന് ധാര-ധാരയായി ഇറ്റുവീഴുന്നുണ്ടായിരുന്നു.

ശ്രീയണിഞ്ഞ്,അലങ്കാര വിഭൂഷിതയായി സ്ഥിതിചെയ്യുന്ന ശ്രീലങ്ക. ആ നാട്ടിലെ സ്രവാധിപത്യങ്ങളും സ്വന്തമായുള്ള സൈറീൻ കുടുംബം.ആ വീട്ടിൽ ഒരു രാജ്ഞിയെപ്പോലെ അവൾ ജീവിച്ചു.കുട്ടികൾക്ക് വാരിയെറിയാൻ മാത്രം പണമുണ്ടായിരുന്ന ആ കുടുംബം ദാരിദ്ര്യമെന്തെന്ന് അറിഞ്ഞിരുന്നില്ല .പണം ചെലവഴിക്കുന്നതിൽ പിശുക്ക് കാട്ടാതിരുന്ന അവർ വളരെ ദൈവഭക്തരുമായിരുന്നു.അങ്ങനെയൊരിക്കൽ കൊളംബോയിലെ സെന്റ് മേരീസ് ദേവാലയത്തിലേക്ക് അവർ ഒരു തീർത്ഥാടനം നടത്തുകയാ ണ്. ഭർത്താവും മകളും പിന്നെ അവളും.ആ സമ്പന്നരുടെ യാത്രയും അതിസമ്പന്നമായ വിധത്തിലായിരുന്നു.പക്ഷേ,ആ യാത്ര ദുരന്തത്തിലേക്കായിരുന്നുവെന്ന് അവരറിഞ്ഞില്ല.

ആ പവിത്രമായ ദേവാലയത്തിൽ ഭക്താനുഷ്ഠാനങ്ങൾ മുറപോലെ നടക്കുന്നു.അതിനിടയ്ക്ക് ഇരമ്പിയാർക്കുന്ന വിമാനങ്ങളുടെ ശബ്ദം ആരും ശ്രദ്ധിച്ചില്ല .

ആ അശ്രദ്ധയ്ക്ക് പ്രതികാരമെന്നോണം ,ആ ജനതയുടെ മേൽ വർഷിക്കപ്പെട്ടത് നാശത്തിന്റെ വിത്തുകളായിരുന്നു. അതേ, അന്നു തടിച്ചുകൂടിയിരുന്ന ആ ജനത്തിനു നടുവിലേക്ക് അഗ്നിജ്വാലകളായി ബോംബ് വർഷിക്കപ്പെട്ടു. ഒരു നിമിഷം ,ചുറ്റുമുള്ളതെല്ലാം ചാരമാക്കുന്നതോടൊപ്പം, ആ ചാരക്കൂനയിലേക്ക് അവളും വീണു .ഉയരുന്ന മരണനിലവിളികൾക്കിടയിൽ അവൾ ഏകാകിയായി ചുറ്റും അവൾ ഒന്നു പതുക്കെ കണ്ണയ്ച്ച് .ഇല്ല ,ഇനി നോക്കാൻ കഴിയില്ല,മകളുടെയും ഭർത്താവിന്റെയും ചേതനയേറ്റ ശരീരങ്ങളിലേയ്ക്ക് ജിവിച്ഛവമായ ,പാതിയടഞ്ഞ കണ്ണുകളിലേക്ക് ..................

ആ നിമിഷം ,എന്തോ ഒന്ന് അവളെ ആവരണം ചെയ്തു.പിന്നെയൊന്നും ഓർമ്മയില്ല ...കൺതുറന്നപ്പോൾ ഏതോ അന്യമായ സ്ഥലത്ത്,ഓക്സിജൻ മാസ്ക് ധരിച്ച് ചോരയിൽകുളിച്ച ഒരു ആശുപത്രിക്കിടക്കയിൽ താൻ കിടക്കുന്നു.അവൾ ചുറ്റും ഒന്നു കണ്ണോടിച്ചു .ഇല്ല,ജീവന്റെ ജീവനായ മകളും ഭർത്താവും ഇനിയില്ല....

തിന്റെ,തന്റേതു മാത്രമായിരുന്ന ആ ജീവനകൾ ഇഹലോകവാസം വെടിഞ്ഞുവെന്നോ........ദൈവമേ,നീ ഇത്ര ക്രൂരനായിരുന്നോ?അവരില്ലാതെ ഞാനെങ്ങനെ ......വേണ്ടായിരുന്നു,പണവും പ്രതാപവും ഒന്നും.

സ്നേഹം ...അത് ...ആ വികാരം മാത്രമാണ് അവൾക്ക് വേണ്ടിയിരുന്നത്.ആശുപത്രിയിലെ ടി.വിയിലേക്ക് അവൾ ഒന്നു നോക്കി അതിൽ എഴുതിയിരിക്കുന്നത് എന്താണ്?തന്റെ പേര് ,തന്റെ വിധി...

“ശ്രീലങ്കയിലെ കൊളംബയിൽ നടന്ന സ്ഫോടനത്തിൽ 198 പേർ കൊല്ലപ്പെട്ടു.കാര്യമായ പരുക്കുകളോടെ ഒരാൾ രക്ഷപ്പെട്ടു.ഈ വൻദുരന്തത്തിൽ ജീവഹാനിസംഭവിക്കാത്തതായി ഒരാൾ മാത്രം-തെരേസ് റോസ് സൈറീൻ"

അതേ,സത്യമതാണ് .ഈ ഭീകരദുരന്തത്തിന്റെ ബാക്കിപത്രമായി താൻ മാത്രമേയുള്ളു.ആശുപത്രിവിട്ട് അവൾ വീട്ടിലെത്തി. ആ ചാരുകസേരയിൽ

അവൾ കിടന്നു.യാത്രയ്ക്കിടയിലെ സംഭവങ്ങളെക്കുറിച്ചോർത്ത്,കണ്ണുനീർവാർത്ത്........

BY,
ANGELINA BIJU

# വളയം

പേന മെല്ലെയമരുമ്പോൾ മഷി പടരുന്നുണ്ടായിരുന്നു.അതെന്നുമറിയാതെ അയാൾ ജനാലയ്ക്കിടയിൽ ലയിച്ചിരിക്കുകയാണ്.പുറത്ത് മേഘകങ്ങൾ കരയുകയായിരുന്നു.ക്രൂരമായ ഭാവത്തോടെ , "ലക്ഷ്മി നീയെന്തേ ഇന്നിത്ര വൈകിയേ .കുട്ടി എത്ര വൈക്യാലും വിളിക്കായിരുന്നുവല്ലോ .കുട്ടിയെ ദൂരെയൊന്നും അയച്ച് പഠിപ്പിക്കേണ്ട എന്നു ഞാൻ പറഞ്ഞു.ശിവശിവ ഞാൻ ആരോടും ഈ പറേണേ ഇതിനെല്ലാം എല്ല്യാരും ഓൾടെ കൂടല്ല്യേ"മെല്ലെ ശബ്ദം താണു അത് ഒരു നേർത്ത സ്വരമായി ത്തീർന്നുപിന്നെ അത് അകത്തളത്തിൽ തങ്ങി നിന്നു.പതിയെ



റാന്തലുറങ്ങി .എങ്കിലും അവളുടെ കണ്ണുകൾ ഏതോ ഒന്നിൽ തങ്ങിനിന്നു.കോഴി കൂവി.ആകാരം രാജ്ഞി കണക്കേ തിളങ്ങി ,അപ്പോഴും അകത്തളത്തിൽ കെട്ടി നിന്ന ആ ശബ്ദം അതിന്റെ ശക്തിപ്രാപിച്ചു."പുലരുമ്പോൾ മുതൽ പാതിരാവരെ ഇവിടെ കാണില്ല .വന്നു കേറിയാലോ പറയുന്നതു കേൾക്കണോ സമയം തീരെയില്ല്യ താനും .താനും ഈ പ്രായമൊക്കെ കഴിഞ്ഞ് അന്നു മുറിയിൽ അടുക്കളവരെ മാത്രമേ പോകാറുള്ളു. ആ നീയൊക്കെ ഇപ്പോൾ പമ്പുമ്മേ കെട്ടിരിക്കണ വള്ളി പോലയല്ല്യേ .കാലത്തിനൊത്തു ഓടികൊണ്ടിരിക്കുവാ.

പിന്നെയും സായന്തനങ്ങളും പുലർകാലങ്ങളും കടന്നുപോയി ആളുപോലും ചിലപ്പോൾ പൊഴിഞ്ഞു പോയിരിക്കാം അല്ലായിരുവെങ്കിലോപ്പാഴും ആ ശബ്ദം ഇപ്പോഴും അതിന്റെ പ്രകമ്പനം ഇവിടെ മുഴങ്ങിയേനെ അവളത് പറയുമ്പോൾ കാനുണ്ടായിരുന്നു.ഈ ചില നിമിഷങ്ങൾ കൊണ്ട് അവളുടെ ചിത്രം അയാളുടെ മുൻപിൽ തെളിഞ്ഞു കാണുകയാണ്.ആരോ എഴുതിവച്ച കവിതിയിലെന്നപോലെ അവളുടെ കണ്ണിൽ നിന്നെല്ലാം തെളിയുന്നുണ്ടായിരുന്നു.അടുത്ത സീറ്റിൽ നിന്നിറങ്ങിയപ്പോൾ തിരിഞ്ഞുനോക്കാതിരിക്കാനായില്ല .വൃദ്ധനയെങ്കിലും വേദനയെല്ലാം മനസ്സിലാക്കാനാവും കണ്ണിനിത്തിരി മങ്ങലേയുള്ളൂ.

ആളൊഴിഞ്ഞ വഴിയിൽ അവൾ മറയുമ്പോൾ ഒരു ജീവിത ഭാരം മുഴുവൻ വലിഞ്ഞുമുറുകിയ ആ മുഖം ഇത്രയേറെ വികൃതമായി ടയറുകൾക്കിടയിൽ പിടയ്ക്കുമെന്നു കരുതിയിരുന്നില്ല. പടർന്നുകയറിയ മഷി അയാളുടെ കണ്ണീരാൽ ഒന്നു കൂടി ആനന്ദനൃത്തം ചെയ്യുകയായിരുന്നു.ആപേപ്പറിൽ എഴുതിയ കഥ പൂർത്തിയാക്കാനാവാതെ ആ വളയം പിടിച്ച കൈകൾ അയാളുടെ മനസ്സിന്റെ കണ്ണാടിയിൽ തെളിഞ്ഞിരുന്നു.അത് തന്റേതല്ലേ എന്ന അയാൾ പതിയെ മന്ത്രിച്ചു.അപ്പോൾ മഴ നേർത്ത , ശബ്ദമായി മാത്രം മാറിയിരുന്നു.ഒറ്റത്തുള്ളിപോലെ അത് അയാളുടെ മനസ്സിലെ പെരുമഴയുടെ തുടക്കമായിരുന്നു.

-ASHMIN K JOY
10 B

# ലോകത്തിലെ ദൈവം

അന്നാദ്യമായി കണ്ണുതുറന്നപ്പോൾ
കണ്ടൊരമ്മയെ മറക്കുമോ
എന്നുമെന്നും
ആദ്യമായി ചുംബനം തന്നൊരച്ഛനെ
ഞാൻ എന്നുമെന്നുമെൻ മിഴിയിൽ
കാണും



എന്റെ വഴികാട്ടിയായി കൂട്ടുകാരായി
അവരെന്നും എന്നുടെകൂടെ നടന്നിടുന്നു
പ്രാർത്ഥനാദീപമാണെന്നു ഞാനവരെ
എൻ ദൈവമായ് കണ്ടു തൊഴുതീടുന്നു

ആദ്യമായി ഞാനന്നു പിച്ചവെച്ചപ്പോഴും
ആദ്യക്ഷരം പഠിപ്പിച്ചപ്പോഴും
ഉയരത്തിൽനിന്നു ഞാൻ താഴേക്കു വീണപ്പോൾ
അവരെൻ കൂടയേ നിന്നിട്ടുള്ളു

കൈതൊഴാം അവരുടെ മുന്നിലായ് ഞാൻ
ആരെയുംകാൾ ഞാൻ സ്നേഹിക്കുന്നു
പ്രാർത്ഥനാദീപമായ് എൻമുമ്പിൽ നിൽക്കുമ്പോൾ
ലോകത്തിലെ ദൈവം നിങ്ങൾതന്നെ

ഹൃദ്യ ലക്ഷ്മി 9-D

# മിന്നലിനെ മണ്ണിലിറക്കിയ വിദ്യ

ഇടിമിന്നൽ വൈദ്യുദിയാണെന്ന് തെളിയിച്ചത് ബെഞ്ചമിൻ ഫ്രാങ്ക്ളിനാണ് (1752 ൽ). പട്ടുതുണികൊണ്ടുണ്ടാക്കിയ ഒരു പട്ടത്തിന്റെ ചരടിന്മേൽ താക്കോലുകെട്ടി ഇടിമിന്നലുള്ള സമയത്ത്

അദ്ദേഹം പട്ടം ആകാശത്തേക്ക പറത്തിവിട്ടു.




തൽസമയം താക്കോലിൽ നിന്ന് തീപ്പൊരി ചിതറി. താക്കോൽ പിടിയിൽ കെട്ടിയ നൂലിൽ

പിടിച്ചിരുന്നതിനാൽ ഷോക്കേൽക്കാതെ അദ്ദേഹം രക്ഷപ്പെട്ടു.

ഇടിമിന്നൽ വൈദ്യുതിയാണെന്ന് മനുഷ്യൻ ആദ്യമായി തിരിച്ചറിഞ്ഞത് അന്നാണ് . ഇടിമിന്നൽ ഏൽക്കാതിരിക്കാൻ കെട്ടിടങ്ങളിൽ വെക്കുന്ന ലൈറ്റിനിങ് റോഡ് കണ്ടുപിടിച്ചതും ഫ്രാങ്ക്ളിനാണ്.





TO
HONOUR &
ACKNOWLEDGE
NOTE
KINDNESS &
SERVICES